LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷണസാധനങ്ങളുടെ വില ഏകീകരണവും ഹോട്ടലുകളുടെ ഗ്രേഡിങ്ങും

255(3180) ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില ഏകീകരിക്കുന്നതിനും ഹോട്ടലുകളെ ഗ്രേഡിംഗ് സംവിധാനത്തിൽ കൊണ്ടുവരുന്നതിനും ഉദ്ദേശിച്ചുള്ള നിയമനിർമ്മാണത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ?

ഉത്തരം

ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

രജിസ്ട്രേഷൻ വകുപ്പിലെ മോഡേണൈസേഷൻ തസ്തിക

256(3181) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള രജിസ്ട്രേഷൻ പ്രക്രിയകൾ ആധുനികവത്കരിക്കുന്നതിനും, ലഘൂകരിക്കുന്നതിനും രജിസ്ട്രേഷൻ വകുപ്പിൽ മോഡേണൈസേഷൻ തസ്തിക എന്നു സൃഷ്ടിച്ചു ; എന്തൊക്കെ ജോലികൾ നിർവ്വചിച്ചു കൊടുത്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) തസ്തിക സൃഷ്ടിച്ച് ഉത്തരവായതിൻ പ്രകാരം ടി ഉത്തരവിൽ നിർവ്വചിച്ചതു പ്രകാരം എന്തെല്ലാം ജോലികൾ ടി ഉദ്യോഗസ്ഥൻ നാളിതുവരെ ചെയ്തിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 8-6-2012-ലെ ജി.ഒ.(എം.എസ്.)98/2012/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ ഇൻസ്പെക്ടർ ജനറൽ (മോഡേണൈസേഷൻ) എന്ന തസ്തിക സൃഷ്ടിച്ചു.

ടി ഉദ്യോഗസ്ഥന് ചുവടെ ചേർക്കും പ്രകാരമുള്ള ചുമതലകൾ നിർവ്വചിച്ചു നൽകിയിട്ടുണ്ട്:

1. രജിസ്ട്രേഷൻ മാന്വൽ കാലോചിതമായി പരിഷ്കരിക്കുക.
2. ഫെയർവാല്യൂ നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാനുള്ള ശിപാർശകൾ നൽകുക.
3. രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കാനുള്ള ശിപാർശകൾ നൽകുക.
4. റവന്യൂ രേഖകളിലെ ഓൺലൈൻ മ്യൂട്ടേഷൻ, കമ്പ്യൂട്ടറൈസേഷൻ, ഇ-ഗവേണൻസ് മുതലായവ സാധ്യമാക്കാനായി, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുള്ള NLRMP പദ്ധതിക്ക് കീഴിലുള്ള സമഗ്ര സേവന പ്രദാന പദ്ധതി നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ നീക്കാനുള്ള ശിപാർശകൾ നൽകുക.

(ബി) ആധാരങ്ങളുടെ ഡിജിറ്റലൈസേഷൻ, 1980 മുതൽ 1989 വരെയുള്ള ഡാറ്റാ എൻട്രി പൂർത്തിയാക്കൽ, സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യൂങ്ങളിലായി സൂക്ഷിച്ചിരിക്കുന്ന ആധാര വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ എന്നിവ നടന്നുവരുന്നു. ആധാര രജിസ്ട്രേഷനുകൾക്കായി ആധാര കക്ഷികളുടെ സൗകര്യാർത്ഥം തീയതിയും സമയവും മുൻകൂട്ടി നിശ്ചയിക്കുന്നതിനുള്ള ടോക്കൺ സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ആറ് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മേൽ സൗകര്യം സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർവൽക്കരണം, ഇ-ഗവേണൻസ്, ഫെയർവാല്യൂ നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കൽ എന്നിവ സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് 7-3-2014-ലും, NLRMP-യിൽ ഉൾപ്പെടുത്തി രജിസ്റ്റർ വാല്യൂങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നത് സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് 12-8-2014-ലും ഇ-ഗവേണൻസ് സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് 24-10-2014-ലും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.